**SET A** **1006 – Ch**

# സമഗ്രശിക്ഷ, കേരളം

## അർധവാർഷിക ആത്യന്തിക വിലയിരുത്തൽ - 2025-26

## രസതന്ത്രം

**Std X** **Score: 40**
**Time: 1½ Hours**

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- നിർദേശങ്ങൾക്കനുസരിച്ച് ഉത്തരം എഴുതുക.
- ചോദ്യത്തിന്റെ സ്കോർ പരിഗണിച്ച് ഉത്തരമെഴുതുക.
- A, B ചോയ്സ് ഉള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും ഒരു ചോയ്സിന് ഉത്തരം എഴുതിയാൽ മതി.

**1 മുതൽ 4 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം** **(4 x 1 =4)**

1. ജലീയ NaCl ലായനിയുടെ വൈദ്യുതവിശ്ലേഷണം വഴി ലഭിക്കുന്ന ഉൽപന്നങ്ങൾ ഏവ? **(1)**

   A. Na, $H_2$ and $Cl_2$

   B. $H_2$, $Cl_2$ and NaCl

   C. $H_2$, $Cl_2$ and NaOH

   D. $H_2$, $Cl_2$ and HCl

2. രണ്ട് പ്രസ്താവനകൾ നൽകിയിരിക്കുന്നു. **(1)**

   പ്രസ്താവന 1 : ഒക്ടൈൽ എഥനോയേറ്റിന് പൈനാപ്പിളിന്റെ ഗന്ധമാണ്.

   പ്രസ്താവന 2 : ഒക്ടൈൽ എഥനോയേറ്റ് തയ്യാറാക്കാൻ എഥനോളും ഒക്ടനോയിക് ആസിഡും ആവശ്യമാണ്.

   നൽകിയിട്ടുള്ള പ്രസ്താവനകളെ സംബന്ധിച്ച് ചുവടെ നൽകിയിരിക്കുന്നവയിൽ ഏതാണ് ശരി?

   A. പ്രസ്താവന 1 ഉം 2 ഉം ശരിയല്ല.

   B. പ്രസ്താവന 1 ശരിയാണ്, എന്നാൽ പ്രസ്താവന 2 ശരിയല്ല.

   C. പ്രസ്താവന 2 ശരിയാണ്, എന്നാൽ പ്രസ്താവന 1 ശരിയല്ല.

   D. പ്രസ്താവന 1 ഉം 2 ഉം ശരിയാണ്.

3. ചേരുംപടി ചേർക്കുക. **(1)**

| A | B |
|---|---|
| a) 17 g $NH_3$ | i) $6.022 \times 10^{23}$ ആറ്റങ്ങൾ |
| b) 88 g $CO_2$ (STP യിൽ) | ii) 22.4 L |
| c) 14 g N | iii) 44.8 L |
| | iv) $6.022 \times 10^{23}$ തൻമാത്രകൾ |

ചുവടെ നൽകിയിട്ടുള്ളവയിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

| | (a) | (b) | (c) |
|---|---|---|---|
| A. | (ii) | (i) | (iii) |
| B. | (i) | (iv) | (iii) |
| C. | (iv) | (iii) | (i) |
| D. | (ii) | (iii) | (iv) |

4. പ്രസ്താവന (A) : നാലാം പീരിയഡിലെ d ബ്ലോക്ക് മൂലകങ്ങളിൽ അവസാന ഇലക്ട്രോൺ ബാഹ്യതമ ഷെല്ലിന് തൊട്ടുള്ളിലുള്ള ഷെല്ലിൽ നിറയുന്നു.

കാരണം (R) : 3d സബ്ഷെല്ലിന് 4s സബ്ഷെല്ലിനേക്കാൾ ഊർജം കൂടുതലാണ്.

ചുവടെ നൽകിയിരിക്കുന്നവയിൽ ഏതാണ് ശരി? (1)

A. A , R ഇവ ശരിയാണ്, എന്നാൽ R എന്നത് A യുടെ ശരിയായ വിശദീകരണമല്ല.

B. A ശരിയാണ്, എന്നാൽ R ശരിയല്ല.

C. A , R ഇവ ശരിയാണ്, കൂടാതെ R എന്നത് A യുടെ ശരിയായ വിശദീകരണമാണ്.

D. A , R ഇവ രണ്ടും ശരിയല്ല.

**5 മുതൽ 11 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ചോയ്സ് ഉണ്ട്. 2 സ്കോർ വീതം. (7 x 2 =14)**

5. താഴെ പറയുന്നവയുടെ ഘടനാവാക്യങ്ങൾ എഴുതുക.

a) പെന്റനാൽ (1)

b) പെന്റ്-2-ഐൻ (1)

6. ഒരു പ്രത്യേക ബ്ലോക്ക് മൂലകങ്ങളെക്കുറിച്ച് രണ്ട് പ്രസ്താവനകൾ ചുവടെ നൽകിയിരിക്കുന്നു:

i) ഇവ അന്തഃസംക്രമണ മൂലകങ്ങൾ എന്നറിയപ്പെടുന്നു.

ii) ബാഹ്യതമഷെല്ലിന്റെ തൊട്ടുള്ളിലുള്ള ഷെല്ലിന്റെയും ഉള്ളിലുള്ള ഷെല്ലിലാണ് (anti penultimate shell) ഇലക്ട്രോൺപൂരണം നടക്കുന്നത്.

a) ഇവിടെ വിവരിക്കുന്ന മൂലകങ്ങളുടെ ബ്ലോക്ക് ഏതാണ്? (1)

b) ഈ ബ്ലോക്കിൽ ഉൾപ്പെടുന്ന മൂലകങ്ങളുടെ ഏതെങ്കിലും ഒരു സവിശേഷത എഴുതുക. (1)

7. **(A)** രണ്ട് ഓർബിറ്റലുകൾക്ക് (n+*l*) മൂല്യം 5 വീതം ആണ്. ഒരു ഓർബിറ്റലിന് 5 ഓറിയന്റേഷനുകളും മറ്റേതിന് 3 ഓറിയന്റേഷനുകളും ഉണ്ട്.

a) ഈ ഓർബിറ്റലുകൾ ഏതെല്ലാം? (1)

b) അവയിൽ ഏതിനാണ് ഊർജം കൂടുതൽ എന്ന് കാരണസഹിതം വിശദീകരിക്കുക. (1)

**അല്ലെങ്കിൽ**

**(B)** രണ്ട് സബ്ഷെല്ലുകളെക്കുറിച്ചുള്ള ചില വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

i) ഷെൽ നാമം : M, ഓറിയന്റേഷനുകളുടെ എണ്ണം : 5 (1)

ii) ഷെൽ നാമം : N, ഓറിയന്റേഷനുകളുടെ എണ്ണം : 1 (1)

a) നൽകിയിട്ടുള്ള സബ്ഷെല്ലുകൾ ഏതൊക്കെയെന്ന് എഴുതുക.

b) അവയിൽ ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി ഇലക്ട്രോണുകളുടെ എണ്ണം എഴുതുക.

8. a) ഇന്ധന സെൽ (Fuel cell) എന്നാലെന്ത്? (1)

b) ഇന്ധന സെല്ലിന്റെ ഒരു മേന്മ എഴുതുക. (1)

9. **(A)** ഒരു തന്മാത്രയിൽ നാല് കാർബൺ ആറ്റങ്ങളും ഒരു –OH ഫങ്ഷണൽ ഗ്രൂപ്പും ഉള്ള പൂരിത ഓർഗാനിക് സംയുക്തം പൊസിഷൻ ഐസോമെറിസം കാണിക്കുന്നു.

a) ഈ വ്യവസ്ഥകൾ പാലിക്കുന്ന ഒരു ജോഡി പൊസിഷൻ ഐസോമെറുകളുടെ ഘടന എഴുതുക. (1)

b) ഈ സംയുക്തത്തിന്റെ ഒരു ഫങ്ഷണൽ ഐസോമെറിന്റെ ഘടന എഴുതുക. (1)

**അല്ലെങ്കിൽ**

**(B)** $C_5H_{10}O$ എന്നത് പൊസിഷൻ ഐസോമെറിസവും മെറ്റാമെറിസവും കാണിക്കുന്ന സംയുക്തത്തിന്റെ തന്മാത്രാവാക്യമാണ് .

ഈ സംയുക്തത്തിന്റെ രണ്ട് പൊസിഷൻ ഐസോമെറുകളുടെ ഘടനാവാക്യങ്ങളും അവയുടെ IUPAC നാമങ്ങളും എഴുതുക. (2)

10. ഒരു ചെമ്പ് ദണ്ഡ് സിൽവർ നൈട്രേറ്റ് ($AgNO_3$) ലായനിയിൽ മുക്കി വയ്ക്കുന്നു.

a) ലായനിയുടെ നിറത്തിന് ഉണ്ടാകുന്ന മാറ്റം എന്താണ്? (1)

b) ഇവിടെ ഓക്സീകരിക്കപ്പെടുന്ന ലോഹം ഏതാണ്? (1)

11. ധാതുക്കളിൽ നിന്നാണ് ഒരു അയിര് തിരഞ്ഞെടുക്കുന്നത്.

അയിരായി ഉപയോഗിക്കുന്ന ഒരു ധാതുവിന്റെ നാല് സവിശേഷതകൾ എഴുതുക. (2)

**12 മുതൽ 17 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ചോയ്സ് ഉണ്ട്. 3 സ്കോർ വീതം.**

**(6 x 3 =18)**

12. **(A)** ഈഥൈൻ ഉപയോഗിച്ച് താഴെ പറയുന്നവ എങ്ങനെ നിർമ്മിക്കും?

a) ഈഥീൻ (1)

b) പോളിത്തീൻ (1)

c) ക്ലോറോഈഥെയ്ൻ (1)

**അല്ലെങ്കിൽ**

**(B)**

a) കണ്ടൻസേഷൻ പോളിമെറൈസേഷൻ എന്നാൽ എന്ത്? (1)

b) കണ്ടൻസേഷൻ പോളിമെറിന് ഒരു ഉദാഹരണം എഴുതി, അതിന്റെ മോണോമെറുകളുടെ പേരുകൾ എഴുതുക. (2)

13. a) 2 atm മർദത്തിൽ സൂക്ഷിച്ചിരുന്ന ഒരു നിശ്ചിത മാസ് വാതകത്തെ 77°C താപനിലയിലേക്ക് ചൂടാക്കിയപ്പോൾ അതിന്റെ വ്യാപ്തം 10 L ആയി മാറി. ഇതേ മർദത്തിൽ ഈ വാതകത്തെ 7°C താപനിലയിലേക്ക് തണുപ്പിച്ചാൽ അതിന്റെ വ്യാപ്തം എത്രയായിരിക്കും? (2)

b) ഈ സാഹചര്യവുമായി ബന്ധപ്പെട്ട നിയമം പ്രസ്താവിക്കുക. (1)

14. M എന്ന ലോഹത്തിന്റെ പീരിയോഡിക് ടേബിളിലെ സ്ഥാനം ചുവടെ നൽകിയിരിക്കുന്നു. (പ്രതീകം യഥാർഥമല്ല)

പീരിയഡ് : 4 , ഗ്രൂപ്പ് : 11

a) M ന്റെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക. (1)

a) $M^+$, $M^{2+}$ ഇവയുടെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതുക. (2)

15. ചില മൂലകങ്ങളുടെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസങ്ങൾ നൽകിയിരിക്കുന്നു. (പ്രതീകങ്ങൾ യഥാർഥമല്ല.)

A- $1s^2\ 2s^2\ 2p^6\ 3s^2\ 3p^6$
B- $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^5\ 4s^2$
C- $1s^2\ 2s^2\ 2p^6$
D- $1s^2\ 2s^2\ 2p^6\ 3s^2\ 3p^6\ 3d^8\ 4s^2$

a) ഇവയിൽ ഒരേ പീരിയഡിൽ ഉൾപ്പെടുന്നവ ഏവ? (1)

b) B യുടെ ഗ്രൂപ്പും പീരിയഡും എഴുതുക. (1)

c) A യുടെ അതേ ഗ്രൂപ്പിൽ ഉൾപ്പെടുന്ന മൂലകം ഏത്? (1)

16. **(A)** രണ്ട് ഗാൽവാനിക് സെല്ലുകൾ നൽകിയിരിക്കുന്നു:

i) Mg - Cu
ii) Zn - Cu

a) ഇവയിൽ ഏതാണ് കൂടുതൽ വോൾട്ടേജ് നൽകുന്നത്? എന്തുകൊണ്ട്? (1)

b) ഒന്നാമത്തെ സെല്ലിലെ ഇലക്ട്രോൺ പ്രവാഹത്തിന്റെ ദിശ എഴുതുക. (1)

c) രണ്ടാമത്തെ സെല്ലിന്റെ ആനോഡിൽ നടക്കുന്ന രാസപ്രവർത്തനത്തിന്റെ സമവാക്യം എഴുതുക. (1)

**അല്ലെങ്കിൽ**

**(B)** ഒരു സെല്ലിലെ റിഡോക്സ് പ്രവർത്തനം താഴെ നൽകുന്നു.

$$Mg_{(s)} + 2Ag^{+}_{(aq)} \rightarrow Mg^{2+}_{(aq)} + 2Ag_{(s)}$$

a) ഈ സെല്ലിന്റെ ചിത്രം വരയ്ക്കുക. (2)

b) ഈ സെല്ലിലെ വൈദ്യുതപ്രവാഹത്തിന്റെ ദിശ അടയാളപ്പെടുത്തുക. (1)

17. സ്ഥിര മർദത്തിലും താപനിലയിലും സ്ഥിതി ചെയ്യുന്ന ഒരു വാതകത്തിന്റെ വ്യാപ്തത്തെ സംബന്ധിച്ച രണ്ട് ഗ്രാഫുകൾ നൽകിയിരിക്കുന്നു.



ഗ്രാഫ് A



ഗ്രാഫ് B

a) ഇവയിൽ ഏത് ഗ്രാഫാണ് അവൊഗാഡ്രോ നിയമത്തെ സൂചിപ്പിക്കുന്നത്? (1)

b) അവൊഗാഡ്രോ നിയമം പ്രസ്താവിക്കുക. (1)

c) ഒരു നിശ്ചിത താപനിലയിലും മർദത്തിലും സ്ഥിതി ചെയ്യുന്ന 20 മോൾ വാതകത്തിന്റെ വ്യാപ്തം 640 L ആണെങ്കിൽ ഇതേ താപനിലയിലും മർദത്തിലും സ്ഥിതി ചെയ്യുന്ന 5 മോൾ വാതകത്തിന്റെ വ്യാപ്തം എത്ര? (1)

**ചോദ്യം പതിനെട്ടിന് ചോയ്സ് ഉണ്ട്. 4 സ്കോർ.** **(1 x 4 =4)**

18. **(A)** കാർബണിന്റെ അറ്റോമിക മാസ് 12 ഉം ഓക്സിജന്റെ അറ്റോമിക മാസ് 16 ഉം ആണ്.

a) $CO_2$ ന്റെ മോളാർ മാസ് കണ്ടെത്തുക. (1)

b) STP യിൽ സൂക്ഷിച്ചിട്ടുള്ള 880 g $CO_2$ വാതകത്തിന്റെ വ്യാപ്തം എത്രയാണ്? (1)

c) 440 g $CO_2$ ൽ എത്ര തന്മാത്രകൾ ഉണ്ട്? (1)

d) 88 g $CO_2$ ലഭിക്കാൻ എത്ര ഗ്രാം കാർബൺ കത്തിക്കണം? (1)

**അല്ലെങ്കിൽ**

**(B)** $N_2$, $H_2$ എന്നിവ പ്രതിപ്രവർത്തിച്ച് $NH_3$ ഉണ്ടാക്കുന്നു

a) ഈ രാസപ്രവർത്തനത്തിന്റെ സമീകൃത രാസസമവാക്യം എഴുതുക. (1)

b) 68 g $NH_3$ ലഭിക്കാൻ ആവശ്യമായ നൈട്രജന്റെ മാസ് എത്രയാണ്? (അറ്റോമിക മാസ് N = 14, H = 1) (1)

c) 560 g നൈട്രജനുമായി 60g $H_2$, പൂർണ്ണമായി പ്രവർത്തിച്ചാൽ എത്ര മോൾ $N_2$ അവശേഷിക്കും? (2)